# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2782** **21.06.2012 ൽ മറുപടിക്ക്**

**റോഡ് പണികൾ നിരീക്ഷിക്കുവാനുള്ള സംവിധാനങ്ങൾ**

**ചോദ്യം**

ശ്രീമതി. പി. അയിഷാ പോറ്റി:

**ഉത്തരം**

**ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്**

**(പൊതുമരാമത്ത്‌വകുപ്പു മന്ത്രി)**

(എ) സംസ്ഥാനത്ത് റോഡ്പണികൾ നിരീക്ഷിക്കുവാൻ നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(എ ദേശീയപാതാ വിഭാഗത്തിൽ സ്ഥിരം സംവിധാനം എന്ന നിലയിൽ പണികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മാരുടെ നേതൃത്വത്തിൽ രണ്ട് ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷനുകൾ (എറണാകുളം&തൃശ്ശൂർ) പ്രവൃത്തിക്കുന്നുണ്ട്. ഇവർ, പണികളുടെ ഗുണനിലവാരം കാലാകാലങ്ങളിൽ പരിശോധിക്കുകയും അതുവഴി കുറ്റമറ്റതാക്കി തീർക്കുകയും ചെയ്യുന്നു. കൂടാതെ, പണി നടക്കുന്ന സമയങ്ങളിൽ അസിസ്റ്റന്റ് എഞ്ചിനീയർ മുതൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ വരെയുള്ള ഉദ്യോഗസ്ഥർ പണികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നുണ്ട്. പാതകളും പാലങ്ങളും വിഭാഗത്തിൽ റോഡുപണികൾ നിരീക്ഷിക്കുന്നതിന്, വകുപ്പിന്റെ ക്വാളിറ്റി കൺട്രോൾ വിഭാഗവും ധനകാര്യവകുപ്പിന് കീഴിലെ ഫിനാൻസ് ഇൻസ്പെക്ഷൻ വിഭാഗവും ചീഫ് ടെക്നിക്കൽ എക്സാമിനർ തുടങ്ങിയ സംവിധാനങ്ങളുമുണ്ട്. കൂടാതെ ദക്ഷിണ മേഖല, മദ്ധ്യമേഖല, ഉത്തരമേഖല എന്നീ മൂന്ന് മേഖലകളായി തിരിച്ച് മൂന്ന് പ്രത്യേക സംഘത്തേയും നിയമിച്ചിട്ടുണ്ട്. കേരള റോഡ് ഫണ്ട് ബോർഡ്, ബി.ഒ.റ്റി -ആന്വിറ്റി അടിസ്ഥാനത്തിൽ ഏറ്റെടുത്ത് നടപ്പാക്കുന്ന

റോഡുകളുടെ ഗുണനിലവാരം നിരീക്ഷിക്കുവാൻ പ്രോജക്ട് എഞ്ചിനീയറുടെ നേതൃത്വത്തിൽ ഒരു ടീമിനെ നിയോഗി - ച്ചിട്ടുണ്ട്. റോഡുകളുടെ നിർമ്മാണം പൂർത്തിയാക്കിയ ശേഷം 15 വർഷം അതിന്റെ സംരക്ഷണവും പരിപാലനവും കൂടി കരാറിൽ ഏർപ്പെട്ടിട്ടുള്ള കൺസഷണറാണ് നിർവഹിക്കേണ്ടത്.

| | |
|---|---|
| (ബി) റോഡ് പരിശോധനയ്ക്കായി പ്രത്യേക നിരീക്ഷണസംഘത്തെ നിയോഗിച്ചിട്ടുണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | (ബി) 19.1.2012 ലെ ജി.ഒ (ആർ.റ്റി) നം.86/2012/പൊമവ പ്രകാരം പൊതുമരാമത്ത് വകുപ്പ് പണികളുടെ ഗുണനിലവാര പരിശോധനയ്ക്കായി മൂന്ന് ടീമിനെ നിയോഗിച്ച് ഉത്തരവായിട്ടുണ്ട്. ഈ ടീമുകളുടെയെല്ലാം പ്രവർത്തനം പ്രാരംഭഘട്ടത്തിലാണ്. പ്രസ്തുത ടീമുകൾക്ക് സാംബിൾ എടുക്കുന്നതിനും പരിശോധനകൾ നടത്തുന്നതിനുമുള്ള അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനുള്ള നടപടികൾ സർക്കാർ നടപ്പിലാക്കി വരുന്നു. മുൻയോഗ്യതാ നിർണ്ണയം ആവശ്യമായ എല്ലാ പ്രവൃത്തികളും പരിശോധിക്കുന്നതിനും ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. കെ.എസ്.ടി.പിയുടെ കീഴിൽ വരുന്ന റോഡുകളുടെ പരിശോധനയ്ക്കായി വിദഗ്ദ കൺസൾട്ടൻസികളെ നിയോഗിച്ചിട്ടുണ്ട്. ഇത് പ്രകാരം കെ.എസ്.ടി.പി ഇപ്പോൾ നടത്തിക്കൊണ്ടിരി - ക്കുന്ന ഓവർലെ വർക്കുകൾ ഓഡിറ്റ് ചെയ്യുവാൻ Egis BCEOM എന്ന കൺസൾട്ടൻസിയെയാണ് ഏൽ - പ്പിച്ചിരിക്കുന്നത്. |

| | |
|---|---|
| (സി) റോഡ് നിർമ്മാണത്തിന് കരാറുകാർ ഗ്യാരന്റി നൽകണമെന്ന ഉപാധി എല്ലാ നിർമ്മാണങ്ങൾക്കും ബാധകമാക്കാൻ നടപടി സ്വീകരിക്കുമോ? | (സി)കരാറുകാർ ഗ്യാരന്റി നൽകണമെന്ന ഉപാധി എല്ലാ നിർമ്മാണങ്ങൾക്കും ബാധകമാണ്. പരിഷ്ക്കരിച്ച പൊതുമരാമത്ത് വകുപ്പ് മാന്വലിൽ കരാർ പ്രവൃത്തികളുടെ ഗ്യാരന്റി പിരിയഡ് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ദേശീയ പാതകളുടെ പ്രധാന പണികൾക്ക് മൂന്നു വർഷത്തെ ഡിഫക്ട് ലയബിലിറ്റി പീരിയഡ്, കോൺട്രാക്ടറുടെ ഉത്തരവാദിത്വത്തിൽപ്പെടുത്തിയാണ് ചെയ്ത് വരുന്നത്. |

സെക്ഷൻ ഓഫീസർ